സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 192 2026 ഒക്ടോബർ 23 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻ സന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com

### റോഡിൽ സംസാരിച്ചു നിന്ന ആ രണ്ടുപേർ, നിമിഷനേരം കൊണ്ട് ഇല്ലാതായത് രണ്ടു ജീവനുകൾ; നിയമം വാഹനങ്ങൾക്ക് മാത്രമല്ല

കാഞ്ഞിരപ്പള്ളി: നിരത്തുകളിൽ ജീവനുകൾ പൊലിയാനുള്ള കാരണം ഡ്രൈവർമാരുടെ അശ്രദ്ധയോ അമിതവേഗമോ മാത്രമാകില്ല. നിരത്തിലെ സുഗമയാത്രയ്ക്ക് തടസ്സമാകുന്നതെന്തും വലിയ അപകടങ്ങളിലേക്കും കുടുംബങ്ങളുടെ തോരാ കണ്ണീരുകളിലേക്കും വഴിവെച്ചേക്കാം. ബുധനാഴ്ച കെ.കെ. റോഡിൽ പാമ്പാടി കോത്തല 13–ാം മൈലിലുണ്ടായ അപകടം രണ്ട് യുവതികളുടെയാണ് ജീവനെടുത്തത്. അപകടത്തിനുകാരണം ഇവരുടെ അശ്രദ്ധയോ എതിരേവന്ന ബസ് ഡ്രൈവറുടെയോ കുറ്റമല്ലെന്ന് സിസിടിവി ദൃശ്യങ്ങളിൽനിന്ന് വ്യക്തം. റോഡിലെ വെള്ളവരയ്ക്കുള്ളിൽ ഉണ്ടായിരുന്ന രണ്ട് പേരെ ഇടിക്കാതിരിക്കാൻ ഒരുവാഹനം ബ്രേക്ക് ചെയ്തതോടെ പിന്നാലെയെത്തിയ സ്കൂട്ടർ നിയന്ത്രണംവിട്ട് ബസിനടിയിലേക്ക് വീഴുകയായിരുന്നു. ചെറിയൊരു അശ്രദ്ധ നഷ്ടമാക്കിയത് രണ്ട് ജീവനുകളായിരുന്നു.

# അരുണാചൽ അതിർത്തിയിൽ ഇന്ത്യ – ചൈന സംഘർഷം



ന്യൂഡൽഹി: അരുണാചൽ പ്രദേശ് അതിർത്തിയിൽ ഇന്ത്യ -ചൈന സംഘർഷം സ്ഥിരീകരിച്ച് ഇൻഡോ-ടിബറ്റൻ ബോർഡർ പൊലീസ് (ഐടിബിപി). പലയിടങ്ങളിലും ഇരു രാജ്യങ്ങളുടെയും സുരക്ഷാസേനകൾ തമ്മിൽ സംഘർഷം നടക്കുകയാണെന്ന് ഐടിബിപി ഡയറക്ടർ ജനറൽ ശത്രുജീത് കപൂർ വ്യക്തമാക്കി. സ്ഥിരീകരണത്തിന് പിന്നാലെ കേന്ദ്ര സർക്കാരിനും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കുമെതിരെ രൂക്ഷവിമർശനവുമായി കോൺഗ്രസ് രംഗത്തെത്തി.

കഴിഞ്ഞ ജൂലായ് മാസം മുതൽ ഇന്ത്യ-ചൈന അതിർത്തിയോട് ചേർന്ന് കിടക്കുന്ന തന്ത്രപ്രധാനമായ ടാക്സിംഗ് മേഖലയിൽ ചൈനീസ് സൈന്യം ഇന്ത്യൻ സുരക്ഷാസേനയുടെ പട്രോളിംഗ് തടസപ്പെടുത്തുന്നതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഇതിന് പിന്നാലെയാണ് ഇരുരാജ്യങ്ങളും നേർക്കുനേർ വരുന്ന സാഹചര്യമുണ്ടായതെന്നും ഇപ്പോഴും സംഘർഷം തുടരുകയാണെന്നും ഐടിബിപി ഡയറക്ടർ ജനറൽ വ്യക്തമാക്കി.

സെപ്തംബറിൽ ന്യൂഡൽഹിയിൽ നടന്ന ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗ് പങ്കെടുത്ത ബ്രിക്സ് ഉച്ചകോടിയുടെ സമയത്തും അതിർത്തിയിൽ സംഘർഷമുണ്ടായിരുന്നെന്ന് റിപ്പോർട്ട്. ചൈന ഏറ്റവും വെല്ലുവിളി നിറഞ്ഞതെന്നും നിലവിലെ സാഹചര്യങ്ങളെ നേരിടാൻ പ്രത്യേക കോംബാറ്റ് ട്രെയിനിംഗ് പ്രോഗ്രാം അതിർത്തി യൂണിറ്റുകളിൽ ഡ്രോൺ പ്ലാറ്റൂണുകളും സജ്ജമാക്കിയിട്ടുണ്ടെന്നും ശത്രുജീത് കപൂർ കൂട്ടിച്ചേർത്തു.

ഐടിബിപി മേധാവിയുടെ വെളിപ്പെടുത്തലിന് പിന്നാലെ പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും ആഭ്യന്തര മന്ത്രി അമിത് ഷായെയും മൗനത്തെ ചോദ്യം ചെയ്ത് കോൺഗ്രസ് നേതാവ് ജയറാം രമേശ് രംഗത്തെത്തി. സ്വയം പ്രഖ്യാപിത വിശ്വഗുരു ചൈനയ്ക്ക് മുന്നിൽ വിട്ടുവീഴ്ചകൾ ചെയ്യുന്നു. വിഷയത്തിൽ പ്രധാനമന്ത്രിയും സർക്കാരും മൗനം പാലിക്കുന്നത് എന്തിനാണെന്നും അദ്ദേഹം ചോദിച്ചു. അരുണാചലിന്റെ ഭാഗങ്ങളുടെ പേര് മാറ്റുന്നതിനൊപ്പം ചൈന അതിർത്തിയിൽ വലിയ അണക്കെട്ട് നിർമിച്ച് ഇന്ത്യയുടെ സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുകയാണെന്നും അദ്ദേഹം ആരോപിച്ചു.

### ക്ഷേത്രങ്ങളിൽ മോഷണം; രണ്ട് യുവാക്കൾ പിടിയിൽ

കാട്ടാക്കട: മലയിൻകീഴ് പ്രദേശത്ത് ക്ഷേത്രങ്ങളിൽ മോഷണം നടത്തിയ രണ്ട് യുവാക്കളെ പൊലീസ് പിടികൂടി. തേമ്പാമുട്ടം സ്വദേശി അജിത് (20), കള്ളിക്കാട് മൈലക്കാട് സ്വദേശി അജയ് (19) എന്നിവരെയാണ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷന് സമീപത്ത്നിന്ന് മലയൻകീഴ് പൊലീസ് പിടികൂടിയത്.

അർധരാത്രിയോടെ ആൽത്തറ ഭഗവതി ക്ഷേത്രം, വാറുവിളാകം ശിവനാഗേശ്വര ക്ഷേത്രം, ഇരട്ടക്കലുങ്ക് ദുർഗ ഭഗവതി ക്ഷേത്രം എന്നിവിടങ്ങളിലാണ് മോഷണം നടത്തിയത്. ആൽത്തറ ഭഗവതി ക്ഷേത്രത്തിലെ കാണിക്കവഞ്ചി, അന്നദാനപ്പെട്ടി, തിടപ്പള്ളിയിൽ സൂക്ഷിച്ചിരുന്ന പണം എന്നിവയാണ് മോഷ്ടിച്ചത്. മേൽശാന്തിയുടെ മുറിയും കുത്തിത്തുറന്നു. ക്ഷേത്രത്തിൽ നിന്ന് 5,000 രൂപ നഷ്ടപ്പെട്ടു.

ശിവനാഗേശ്വര ക്ഷേത്രം കുത്തിത്തുറന്നെങ്കിലും മോഷ്ടാക്കൾക്ക് ഒന്നും കൊണ്ടുപോകാനായില്ല. ഇരട്ടക്കലുങ്ക് ദുർഗഭഗവതി ക്ഷേത്രത്തിലെ ജനൽച്ചില്ല് തകർത്ത്മോഷണശ്രമം നടത്തിയിരുന്നു. ക്ഷേത്രങ്ങളിലെ സി.സി ടി.വി കാമറയിൽ മോഷ്ടാക്കളുടെ ദൃശ്യം പകർന്നിരുന്നു. ഡിവൈ.എസ്.പി ബിനുവിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ ഉമേഷ്, സബ് ഇൻസ്പെക്ടർ ബിബിൻ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതികളെ പിടികൂടിയത്.

# പാക്കിസ്ഥാനിൽ 'പട്ടാള ഭരണം'?

## വിരമിച്ച 9 ജനറൽമാരെ ഡിപ്ലോമാറ്റിക് പദവികളിലാക്കി അസിം മുനീർ; സർക്കാർ നോക്കുകുത്തി!




ഇസ്ലാമാബാദ്: പാക്കിസ്ഥാനിൽ സർക്കാരിനെ അപ്രസക്തമാക്കുംവിധം നിർണായക നയതന്ത്ര പദവികളിൽ വിരമിച്ച സൈനിക ജനറൽമാരെ നിയമിച്ച് അസിം മുനീർ. വിരമിച്ച 9 സൈനിക ഉദ്യോഗസ്ഥർക്ക് വിദേശത്തുള്ള നയതന്ത്ര ദൗത്യങ്ങളുടെ ചുമതല നൽകിയതായി പാക് വിദേശകാര്യമന്ത്രി ഇഷാഖ് ദാർ സെനറ്റിൽ സമർപ്പിച്ച രേഖ വ്യക്തമാക്കുന്നു. പശ്ചിമേഷ്യ, ആഫ്രിക്ക, യൂറോപ്പ്, ഏഷ്യ എന്നിവിടങ്ങളിലേക്കാണ് കരിയർ ഡിപ്ലോമാറ്റുകളല്ലാത്തവരെ (നോൺ–കരിയർ ഡിപ്ലോമാറ്റുകൾ) നിയമിച്ചിരിക്കുന്നത്.

വിദേശത്തുള്ള നോൺ–കരിയർ ഡിപ്ലോമാറ്റുകളുടെ വിവരങ്ങൾ, അവരുടെ പ്രഫഷനൽ പശ്ചാത്തലം, നിയമനത്തിന്റെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ട് സെനറ്റർ മുഹമ്മദ് നദൽ മഹ്മൂദ് ഉന്നയിച്ച ചോദ്യത്തിന് വിദേശകാര്യമന്ത്രി രേഖാമൂലം നൽകിയ മറുപടിയിലാണ് നിയമന വിവരങ്ങൾ പുറത്തുവന്നത്. വിരമിച്ച മേജർ ജനറൽ കമ്രാൻ തബ്രേസ് സവേരയെ നൈജീരിയയിലെ അബുജയിൽ ഹൈക്കമ്മിഷണറായും മേജർ ജനറൽ ഖുറം സർഫ്രാസ് ഖാനെ ജോർദാനിലെ അമ്മാനിലും മേജർ ജനറൽ നയ്യാർ നസീറിനെ ശ്രീലങ്കയിലെ കൊളംബോയിലുമാണ് നിയമിച്ചിരിക്കുന്നത്.

എയർ മാർഷൽ മുഹമ്മദ് മുഘീസ് അഫ്സലിനെ സിറിയയിലെ ഡമാസ്കസിലും ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അമറിനെ ഖത്തറിലെ ദോഹയിലും മേജർ ജനറൽ കൻവർ അദ്നാൻ അഹമ്മദ് ഖാനെ യുക്രെയ്നിലെ കീവിലും നിയമിച്ചു. വൈസ് അഡ്മിറൽ ഫൈസൽ റസൂൽ ലോധി മാലദ്വീപിലെ മാലെയിലും മേജർ ജനറൽ മുഹമ്മദ് ഇർഫാൻ ബോസ്നിയയിലെ സരയേവോയിലും മേജർ ജനറൽ മുംതാസ് ഹുസൈൻ ലിബിയയിലെ ട്രിപ്പോളിയിലുമാണ് ചുമതലയേറ്റത്.

നിയമനവിവരങ്ങൾ പുറത്തുവന്നതോടെ പാക്കിസ്ഥാനിൽ നയതന്ത്ര പ്രതിനിധികളെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന ചോദ്യം ഉയരുകയാണ്. വിദേശകാര്യ സർവീസിൽ പരിശീലനവും യോഗ്യതയും നേടിയ ഉദ്യോഗസ്ഥരെ മറികടന്ന് വിരമിച്ച സൈനിക ഉദ്യോഗസ്ഥർക്ക് ഇത്തരം പദവികൾ നൽകുന്നതിന്റെ യുക്തിയെന്തെന്നും വിമർശകർ ചോദിക്കുന്നു. കരിയർ ഡിപ്ലോമാറ്റുകളെ ഒഴിവാക്കിയുള്ള ഇത്തരം നിയമനങ്ങൾ വിദേശകാര്യ സർവീസിന്റെ പ്രാധാന്യം കുറയ്ക്കുമെന്ന ആശങ്കയും ഉയരുന്നുണ്ട്.

അതേസമയം, പാക്കിസ്ഥാന്റെ ഭരണത്തിലും വിദേശനയത്തിലും സൈനിക മേധാവി അസിം മുനീറിന്റെ സ്വാധീനം വർധിക്കുന്നതിന്റെ സൂചനയായാണ് ഈ നീക്കത്തെ ചില രാജ്യാന്തര മാധ്യമങ്ങൾ വിലയിരുത്തുന്നത്. പ്രധാനമന്ത്രി ഷഹബാസ് ഷെരീഫിനൊപ്പം നിർണായക വിദേശയാത്രകളിൽ മുനീർ പങ്കെടുക്കാറുണ്ട്. ചില സന്ദർഭങ്ങളിൽ ഇത്തരം സന്ദർശനങ്ങളിൽ അദ്ദേഹം നിർണായക പങ്ക് വഹിക്കുന്നതായും റിപ്പോർട്ടുകളുണ്ട്.

## വിജിലൻസ് രഹസ്യവിഭാഗങ്ങൾ വിവരാവകാശ പരിധിക്ക് പുറത്ത്– ഗസറ്റ് വിജ്ഞാപനമിറക്കി സർക്കാർ

തിരു: വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ രഹസ്യവിഭാഗങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കി സർക്കാർ വിജ്ഞാപനമിറക്കി. സുരക്ഷാ-രഹസ്യാന്വേഷണ ഏജൻസികളെ വിവരാവകാശ നിയമത്തിൽനിന്ന് ഒഴിവാക്കാൻ വ്യവസ്ഥചെയ്യുന്ന നിയമച്ചട്ടം ഉപയോഗിച്ചാണ് നടപടി. പോലീസിലെയും ഇന്റലിജൻസിലെയും രഹസ്യവിഭാഗങ്ങളെ നേരത്തെ ഒഴിവാക്കിയതിന്റെ തുടർച്ചയായാണ് വിജിലൻസിലും ഈ മാറ്റം വരുത്തിയിരിക്കുന്നത്.

വിജിലൻസിന്റെ അതീവ പ്രാധാന്യമുള്ള രഹസ്യവിവരങ്ങൾ കൈകാര്യം ചെയ്യുന്ന ടി1, ടി2 എന്നീ രണ്ട് പ്രധാന സെക്ഷനുകളെയാണ് വിവരാവകാശ പരിധിയിൽനിന്ന് പുറത്താക്കിയിട്ടുള്ളത്. വിജിലൻസിലെ മിനിസ്റ്റീരിയൽ, എക്സിക്യൂട്ടീവ്, ലീഗൽ ഉദ്യോഗസ്ഥരുടെ വാർഷിക രഹസ്യ റിപ്പോർട്ടുകൾ, ഉയർന്ന സുരക്ഷാ പ്രാധാന്യമുള്ള വ്യക്തിഗത ഫയലുകൾ, അതീവ രഹസ്യസ്വഭാവമുള്ള ടോപ്പ് സീക്രട്ട് രേഖകൾ എന്നിവ സൂക്ഷിക്കുകയും കൈകാര്യംചെയ്യുകയും ചെയ്യുന്നത് ടി1 സെക്ഷനാണ്. വിജിലൻസ് ഉദ്യോഗസ്ഥരുടെ പ്രതിവാര ഡയറികൾ പ്രോസസ്സ് ചെയ്യൽ, നിർണായകമായ സോഴ്സ് റിപ്പോർട്ടുകൾ എന്നിവ കൈകാര്യം ചെയ്യുന്നത് ടി2 സെക്ഷനാണ്.

2005–ലെ വിവരാവകാശ നിയമപ്രകാരം വിജിലൻസിന്റെ ഈ രഹസ്യവിഭാഗങ്ങളെ തുടക്കത്തിൽ ഒഴിവാക്കിയിരുന്നതാണ്. എന്നാൽ, പിന്നീട് 2022–ൽ ടി1, ടി2 സെക്ഷനുകളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി. ആ തീരുമാനമാണ് ഇപ്പോൾ വീണ്ടും തിരുത്തി, ഒഴിവാക്കൽ ഉത്തരവിറക്കിയിരിക്കുന്നത്. ഇതുസംബന്ധിച്ച ഗസറ്റ് വിജ്ഞാപനം ഒക്ടോബർ 22–നാണ് പുറത്തിറങ്ങിയത്.

മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണ റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം പുറത്തുവന്നതിന് പിന്നാലെയാണ് രഹസ്യവിഭാഗങ്ങളെ വീണ്ടും വിവരാവകാശ പരിധിക്ക് പുറത്താക്കിയതെന്ന തരത്തിൽ ആരോപണങ്ങൾ ഉയർന്നിട്ടുണ്ട്. എന്നാൽ, ഉയർന്നുവന്ന ആരോപണങ്ങളിൽ യാതൊരു കഴമ്പുമില്ലെന്നാണ് സർക്കാർ വൃത്തങ്ങൾ നൽകുന്ന സൂചന. സ്വാഭാവികമായ ഭരണനടപടികളുടെ ഭാഗമായാണ് വിജ്ഞാപനം പുറത്തിറക്കിയതെന്നും അധികൃതർ വ്യക്തമാക്കുന്നു.

## മാസപ്പടി കേസ്; പിണറായി വിജയന്റെ അപ്പീൽ ഹൈക്കോടതി ഇന്ന് പരിഗണിക്കില്ല, തിങ്കളാഴ്ച്ചത്തേക്ക് മാറ്റി




കൊച്ചി: മാസപ്പടി കേസിൽ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരായ പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ അപ്പീൽ ഇന്ന് ഹൈക്കോടതി പരിഗണിക്കില്ല. അപ്പീൽ അടിയന്തരമായി പരിഗണിക്കണമെന്ന ആവശ്യം കോടതി അംഗീകരിച്ചില്ല. തിങ്കളാഴ്ച പരിഗണിക്കുമെന്ന് കോടതി അറിയിച്ചു. ജസ്റ്റിസ് സതീഷ് നൈനാൻ അദ്ധ്യക്ഷനായ ഡിവിഷൻ ബെഞ്ചാണ് ഇക്കാര്യം അറിയിച്ചത്. അപ്പീൽ നേരത്തെ പരിഗണിച്ച ജസ്റ്റിസ് കെ നടരാജന്റെ ബെഞ്ചുതന്നെ തിങ്കളാഴ്ച പരിഗണിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. നേരത്തെ പരിഗണിച്ച ബെഞ്ചുതന്നെ വീണ്ടും പരിഗണിക്കട്ടെ എന്ന നിലപാടാണ് കോടതി സ്വീകരിച്ചത്.

അപ്പീൽ അനുമതി നിഷേധിച്ച ഡിവിഷൻ ബെഞ്ച് ഉത്തരവ് സുപ്രീം കോടതി റദ്ദാക്കിയിരുന്നു. തുടർന്ന് അപ്പീൽ കേൾക്കണമെന്ന സുപ്രീം കോടതി ഉത്തരവ് ഹൈക്കോടതിയിൽ ഹാജരാക്കി. തങ്ങളുടെ ഭാഗം കേൾക്കാതെയുള്ള സിംഗിൾ ബെഞ്ച് ഉത്തരവ് സ്വാഭാവിക നീതിയുടെ നിഷേധമാണെന്ന് അപ്പീലിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇഡിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കേസെടുക്കാൻ നിർദ്ദേശിച്ചതെന്നും സാക്ഷി മൊഴികൾ പിന്നീട് പിൻവലിച്ചവയാണെന്നുമാണ് അപ്പീലിലെ വാദം.

വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജികൾ നേരത്തേ ഹൈക്കോടതി തള്ളിയതും ഇത് സുപ്രീം കോടതി ശരിവച്ചതും അപ്പീലിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പിണറായി വിജയൻ, മകൾ ടി. വീണ, ഭർത്താവും മുൻ മന്ത്രിയുമായ പി.എ. മുഹമ്മദ് റിയാസ്, കോഴിക്കോട് സ്വദേശികളായ പി. നിഖിൽ, കെ. വാരിസ്, ഷൈജൽ, എം. നന്ദുലാൽ എന്നിവരാണ് അപ്പീൽ നൽകിയത്.

## നെടുമ്പാശ്ശേരി അപകടം: മിനി കൂപ്പറിന്റെ മരണപ്പാച്ചിൽ 140KM സ്പീഡിൽ



കൊച്ചി: നെടുമ്പാശ്ശേരിയിൽ മൂന്ന് പേരുടെ മരണത്തിനിടയാക്കിയ മിനി കൂപ്പർ സഞ്ചരിച്ചത് അമിത വേഗതയിലെന്ന് പോലീസ്. ഏകദേശം 140–150 കി.മീ വേഗതയിലാണ് വാഹനം സഞ്ചരിച്ചത്. അരകിലോമീറ്റർ ദൂരം 11 സെക്കന്റുകൾ കൊണ്ട് കടന്നുപോയെന്നാണ് പോലീസ് പറയുന്നത്. 120 കി.മീ വേഗതയിലാണ് സഞ്ചരിച്ചത് എന്നായിരുന്നു നേരത്തെ തെളിവെടുപ്പിനിടെ സുഹൈൽ പോലീസിനോട് പറഞ്ഞത്.

അപകടത്തിന് ഏതാനും സെക്കന്റുകൾക്ക് മുൻപാണ് സുഹൈലിന്റെ സുഹൃത്ത് ജോയൽ ഈ ദൃശ്യങ്ങൾ ചിത്രീകരിച്ചത്. വീഡിയോയിൽ വാഹനത്തിന്റെ സ്പീഡോമീറ്റർ ദൃശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് അമിതവേഗതയിലാണ് വാഹനം സഞ്ചരിച്ചിരുന്നതെന്ന് പോലീസ് വ്യക്തമാക്കുന്നത്. ജോയൽ ഈ ദൃശ്യങ്ങൾ പകർത്തി സ്നാപ്ചാറ്റിൽ അയച്ചിരുന്നു. ഈ ദൃശ്യങ്ങൾ പോലീസിന് ലഭിച്ചു. അപകടസമയത്ത് ജോയൽ, നിനവ്, അമീൻ എന്നിവരായിരുന്നു സുഹൈൽ സജീവിനൊപ്പം വാഹനത്തിലുണ്ടായിരുന്നത്.

അപകടത്തിൽ വാഹനത്തിന്റെ വേഗതയുൾപ്പെടെയുള്ള വിവരങ്ങൾ ലഭിക്കാനായി വാഹനത്തിന്റെ ഇഡിആർ ജർമ്മനിയിലേക്ക് അയക്കുന്നുണ്ട്. ബിഎംഡബ്ല്യു ആസ്ഥാനത്തെ വിദഗ്ധർ പരിശോധിച്ച ശേഷമേ വിവരം പൊലീസിന് നൽകൂ. കമ്പനിയുടെ സ്വകാര്യത നയങ്ങളെ ബാധിക്കാതിരിക്കാനാണ് നടപടി. അതിനാൽ അപകടസമയത്തെ വാഹനത്തിനുള്ളിലെ വിവരങ്ങൾ പൊലീസിന് ലഭിക്കുന്നത് വൈകും. അതിനിടെയാണ് ജോയലിന്റെ ഫോണിൽനിന്നുള്ള ദൃശ്യങ്ങളും പോലീസ് കണ്ടെത്തിയിരിക്കുന്നത്.

അതേസമയം, കേസിൽ പ്രതികൾ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ ജാമ്യാപേക്ഷ നൽകിയിട്ടുണ്ട്. അങ്കമാലി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ജാമ്യാപേക്ഷ തള്ളിയ സാഹചര്യത്തിലാണ് പ്രതികൾ ജാമ്യത്തിനായി ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയെ സമീപിച്ചത്. പോലീസ് റിപ്പോർട്ട് ലഭിച്ച ശേഷം കോടതി ജാമ്യാപേക്ഷ പരിഗണിക്കും. അടുത്തയാഴ്ചയാകും ഇരുപക്ഷത്തിന്റെയും വാദം കേൾക്കുക.

## കൂടത്തിൽ കേസ്: കൊലനടത്തിയത് പരാതിക്കാരനെന്ന് രവീന്ദ്രൻ നായർ, ചോദ്യംചെയ്യലിൽ സഹകരിക്കാതെ പ്രതി



തിരു: കരമന കാലടി കൂടത്തിൽ കൊലപാതകക്കേസിലെ പ്രതി രവീന്ദ്രൻ അന്വേഷണ സംഘത്തോട് സഹകരിക്കുന്നില്ലെന്ന് റിപ്പോർട്ട്. ജയമാധവനെ കൊലപ്പെടുത്തിയത് താൻ അല്ലെന്നാണ് രവീന്ദ്രൻ നായർ പറയുന്നത്. തന്നെ കുടുക്കാനായി പരാതിക്കാരൻ അനിൽ ആയിരിക്കാം കൊലപാതകം നടത്തിയതെന്നാണ് രവീന്ദ്രൻ നായരുടെ ആരോപണം.

കഴിഞ്ഞ ദിവസമാണ് രവീന്ദ്രൻ നായരെ കസ്റ്റഡിയിൽ വിട്ടത്. ഇന്ന് 4വരെയാണ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി കസ്റ്റഡിയിൽ വിട്ടത്. ചോദ്യംചെയ്യൽ ആണ് അന്വേഷണ സംഘത്തിന്റെ ലക്ഷ്യം. ഒപ്പം തെളിവെടുപ്പ് നടത്തുകയും വേണം.

കസ്റ്റഡിയിൽ വാങ്ങിയതുമുതൽ രവീന്ദ്രൻ നായരെ ചോദ്യം ചെയ്തുവരികയാണ്. എന്നാൽ, ഇയാൾ ചോദ്യംചെയ്യലിൽ സഹകരിക്കുന്നില്ലെന്നാണ് അന്വേഷണ സംഘം വ്യക്തമാക്കുന്നത്. താൻ കൊലപാതകം ചെയ്തിട്ടില്ല എന്ന പഴയ മൊഴിയിൽത്തന്നെ ഇയാൾ ഉറച്ചുനിൽക്കുകയാണ്. 'പോലീസ് ഒരു കഥയുണ്ടാക്കി എന്നെ അതിൽ പെടുത്താനാണ് ശ്രമിക്കുന്നത്. അതിന് നിന്നുതരില്ല' എന്ന നിലപാടാണ് രവീന്ദ്രൻ നായർ ചോദ്യം ചെയ്യലിൽ സ്വീകരിക്കുന്നത്.

കേസിന്റെ അന്വേഷണത്തിന് കാരണക്കാരനായ പരാതിക്കാരൻ കാലടി സ്വദേശി അനിലിന് തന്നോട് പണ്ടുമുതലേ വിരോധമുണ്ടെന്നും തന്നെ കുടുക്കാനായി അയാൾ കൊലപാതകം ചെയ്തതാകാം എന്നുമാണ് രവീന്ദ്രൻ നായർ ചോദ്യംചെയ്യലിൽ ആരോപിക്കുന്നത്.

ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ ചോദ്യംചെയ്യാനാണ് അന്വേഷണ സംഘം ഉദ്ദേശിച്ചത്. എന്നാൽ, കുറ്റകൃത്യങ്ങളുടെ എല്ലാ സാങ്കേതികത്വങ്ങളും സങ്കീർണതകളും പഠിച്ചാണ് രവീന്ദ്രൻ നായർ നീങ്ങുന്നത്. കോടതി ജീവനക്കാരൻ ആയിരുന്നതുകൊണ്ടുതന്നെ ചോദ്യംചെയ്യലിന് എത്തിയിരുന്നതടക്കം ഇയാൾ കൃത്യമായി പഠിച്ചശേഷമായിരുന്നുവെന്ന് അന്വേഷണസംഘം പറയുന്നു.

ഇത്രയുംകാലം വഴുതിനിന്ന പ്രതിയെ എല്ലാവിധത്തിലും പൂട്ടാനാണ് അന്വേഷണസംഘത്തിന്റെ ശ്രമം. ചോദ്യംചെയ്യലിന് സഹകരിക്കാതായതോടെ ഇന്ന് തെളിവെടുപ്പ് ഉണ്ടാകാനുള്ള സാധ്യത കുറവാണ്. കൂടുതൽ തെളിവുകൾ കണ്ടെടുത്തശേഷം പ്രതിയെ വീണ്ടും കസ്റ്റഡിയിൽ വാങ്ങാനാണ് അന്വേഷണ സംഘത്തിന്റെ ശ്രമം.

കോഴിക്കോട് കൂടത്തായി കൊലപാതകപരമ്പരയുടെ പശ്ചാത്തലത്തിലാണ് തലസ്ഥാനത്തെ കൂടത്തിൽ കുടുംബത്തിലെ മരണങ്ങളിലും ബന്ധുക്കൾ സംശയം പ്രകടിപ്പിച്ചത്. കഴിഞ്ഞ 15 വർഷത്തിനിടെ ഈ കുടുംബത്തിലെ 7പേരാണ് ദുരൂഹസാഹചര്യങ്ങളിൽ മരിച്ചത്.

## കേരളത്തിന്റെ 29–ാമത് ഗവർണറായി ഓം പ്രകാശ് മാഥുർ സത്യപ്രതിജ്ഞ ചെയ്തു



തിരു: കേരളത്തിന്റെ പുതിയ ഗവർണറായി ഓം പ്രകാശ് മാഥുർ അധികാരമേറ്റു. രാജ്ഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗമ്യൻ സെൻ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു. സംസ്ഥാനത്തിന്റെ 29–ാമത് ഗവർണറായാണ് ഓം പ്രകാശ് മാഥുർ ചുമതലയേൽക്കുന്നത്. സിക്കിം ഗവർണറായി സേവനമനുഷ്ഠിച്ചുവരവെയാണ് മാഥുറിനെ കേരള ഗവർണറായി നിയമിക്കുന്നത്. തമിഴ്നാട് ഗവർണറായി സ്ഥാനക്കയറ്റം ലഭിച്ചുപോകുന്ന രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ പിൻഗാമിയായാണ് അദ്ദേഹം തിരുവനന്തപുരത്ത് എത്തിയത്. സത്യപ്രതിജ്ഞാ ചടങ്ങിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ, മന്ത്രിമാർ, മറ്റ് ജനപ്രതിനിധികൾ, ഉയർന്ന ഐ.എ.എസ്– ഐ.പി.എസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## NOTIFICATION

Rejitha Suresh, W/o Parekkat Sureshkumar, Flat No. 1-C, Aiswarya, Navani Heights, Near Paramekkavu temple, Thrissur District, Pin- 680 001 hereby inviting to the notice of the public that I have studied my PRE- DEGREE Course at Chaithanya college in the year 1995 in commerce. My PRE-DEGREE certificate received from UNIVERSITY OF CALICUT irrecoverably lost during a travel and as such I intent to apply for a duplicate PRE- DEGREE certificate. If anybody happens to get original may kindly sent the same or intimate the undersigned or the university.

Certified that the aforesaid facts are absolutely true.

Place: Thrissur
Date : 21-10-2026 Rejitha Suresh

## NOTIFICATION

1 Rejitha Suresh, W/o Parekkat Sureshkumar, Flat No. 1-C, Aiswarya, Navani Heights, Near Paramekkavu Temple, Thrissur District, Pin- 680 001 hereby inviting to the notice of the public that I have studied BHUSHAN DIVYAKAND course in 1998 under University of KERALA PRAJARANA SABHA. My BHUSHAN certificate received from KERALA PRAJARANA SABHA irrecoverably lost during a travel and as such I intent to apply for a duplicate BHUSHAN certificate. If anybody happens to get original may kindly sent the same or intimate the undersigned or the university.

Certified that the aforesaid facts are absolutely true.

Place: Thrissur
Date : 21-10-2026 Rejitha Suresh

## കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട സബ് കോടതി മുമ്പാകെ

OS 904 /2012, EP 30/2017

രാജീവൻ –വിധി ഉടമ

മുകുന്ദപുരം താലൂക്ക്, പൊറത്തിശ്ശേരി വില്ലേജ്, കരുവന്നൂർ ദേശത്ത് കദളിക്കാടൻ വേലായുധൻ മകൻ 57 വയസ്സ് തൊഴിലാളി രാജൻ കെ.വി.

–വിധി കടക്കാരൻ

മേൽ നമ്പ്രിൽ 2–ാം വിധി കടക്കാരന്റെ അവകാശിക്കുള്ള നോട്ടീസ് ടിയാന്റെ വാസസ്ഥലത്തും കോടതിയിലും പതിച്ച് നടത്തുന്നതിനനുവദിച്ച് മേൽ നമ്പ്ര്കേസ് **31–10–2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപമുള്ളവർ അന്നേ തിയ്യതി കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പുകൽപ്പിക്കുന്നതാണ് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

എന്ന്, 15–10–2026
വിധി ഉടമഭാഗം അഡ്വക്കെറ്റ്
**ജയിൻ കെ. വി. & വിപിൻ വിജയൻ** (ഒപ്പ്)

## കോടതി പരസ്യം

ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ

Dispute No: 1430/2025

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

–പരാതിക്കാരൻ

1) ജെന്നി, ഉദ്ദേശം 46 വയസ് S/o ജോൺസൺ, കുറ്റിക്കാടൻ ഹൗസ്, കോടശ്ശേരി വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശ്ശൂർ ജില്ല, കോടശ്ശേരി പി ഒ. പിൻ–680721
2) പ്രജിത, ഉദ്ദേശം 40 വയസ് W/o ജെന്നി, കുറ്റിക്കാടൻ ഹൗസ്, കോടശ്ശേരി വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശൂർ ജില്ല, പി ഒ. കോടശ്ശേരി –680721
3) ഷൈനി, ഉദ്ദേശം 49വയസ് W/o ജോളി, തളിയത്ത് ഹൗസ്, കോടശ്ശേരി വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശൂർ ജില്ല, കോടശ്ശേരി പി ഒ. പിൻ–680721
4) നിധിൻ, ഉദ്ദേശം 31 വയസ് S/o തിലകൻ, നടുമുറ്റം ഹൗസ്, കുറ്റിച്ചിറ വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശൂർ ജില്ല, പി ഒ കുറ്റിച്ചിറ –680724

– എതൃകക്ഷികൾ

മേൽനമ്പ്ര് കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **6–11–2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്തപക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 22–10–2026
പരാതിക്കാരൻഭാഗം അഡ്വക്കെറ്റ്
**ജോഫി ജോർജ്ജ് പി.** (ഒപ്പ്)

## കോടതി പരസ്യം

ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ

Dispute No: 1422/2025

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

–പരാതിക്കാരൻ

2) ജിന ചന്ദ്രൻ, ഉദ്ദേശം 54 വയസ് S/o രാമകൃഷ്ണൻ, പായത്തുപറമ്പിൽ ഹൗസ്, വെള്ളറക്കാട് വില്ലേജ്, കുന്നംകുളം താലൂക്ക് തൃശൂർ ജില്ല, ഇപ്പോൾ താമസം പൂവണി, കോലഴി പി ഒ., തൃശൂർ –680010
3) സുമ, ഉദ്ദേശം 47 വയസ് W/o മുരളി, വില്ലാർവട്ടം ഹൗസ്, കൊടകര വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശ്ശൂർ ജില്ല, പേരാമ്പ്ര പി ഒ –680689
4) അർഷിത്, ഉദ്ദേശം 26 വയസ് S/o മുരളി, വില്ലാർവട്ടം ഹൗസ്, കൊടകര വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശൂർ ജില്ല, പേരാമ്പ്ര പി ഒ –680689
5) അക്ഷയ് ഉദ്ദേശം 20 വയസ് S/o മുരളി, വില്ലാർവട്ടം ഹൗസ്, കൊടകര വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശൂർ ജില്ല, പേരാമ്പ്ര പി ഒ –680689

–2 മുതൽ5കൂടിഎതൃകക്ഷികൾ

മേൽനമ്പ്ര് കേസിൽ 2 മുതൽ 5കൂടി എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **6–11–2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്തപക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 22–10–2026
പരാതിക്കാരൻഭാഗം അഡ്വക്കെറ്റ്
**ജോഫി ജോർജ്ജ് പി.** (ഒപ്പ്)

## കോടതി പരസ്യം

ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ

Dispute No: 1428/2025

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

–പരാതിക്കാരൻ

1) അസീസ് കെ എ, ഉദ്ദേശം 50 വയസ് S/o കുഞ്ഞുമോൻ, കൊട്ടിലുങ്ങൽ ഹൗസ്, വെളിയംകോട് വില്ലേജ്, പൊന്നാനി താലൂക്ക്, മലപ്പുറം ജില്ല, പി ഒ വെളിയംകോട്–679579
2) കുഞ്ഞിമോൾ, ഉദ്ദേശം 72 വയസ് D/o യാഹു, കൊട്ടിലുങ്ങൽ ഹൗസ്, വെളിയംകോട് വില്ലേജ്, പൊന്നാനി താലൂക്ക്, മലപ്പുറം ജില്ല, പി ഒ വെളിയംകോട്–679579
3) യൂസഫ് ഉദ്ദേശം 46 വയസ് S/o അബൂബക്കർ, പുതുവീട്ടിൽ ഹൗസ്, വെളിയംകോട് വില്ലേജ്, പൊന്നാനി താലൂക്ക്, മലപ്പുറം ജില്ല, പി ഒ വെളിയംകോട്–679579

– എതൃകക്ഷികൾ

മേൽനമ്പ്ര് കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **6–11–2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്തപക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 22–10–2026
പരാതിക്കാരൻഭാഗം അഡ്വക്കെറ്റ്
**ജോഫി ജോർജ്ജ് പി.** (ഒപ്പ്)

## കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

OS: 183/2026

അബാക്കസ് കുറീസ്

–വാദി

2) മുകുന്ദപുരം താലൂക്ക് നെല്ലായി വില്ലേജ് വയലൂർ ദേശത്ത് കുറിച്ചിയിൽ ധനലക്ഷ്മിയമ്മ മകൻ 48 വയസ്, പങ്കജാക്ഷൻ
3) ടിയിൽ ധനലക്ഷ്മിയമ്മ മകൾ 57 വയസ് പങ്കജാക്ഷി

– 2, 3 പ്രതികൾ

മേൽ നമ്പറിലെ 2, 3 പ്രതികൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് കേസ്സ് **5–11–2026** തിയ്യതിക്ക് വിചാരണക്കു വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതി മുമ്പാകെ നിങ്ങളോ അധികാരപ്പെടുത്തിയ അഡ്വക്കെറ്റ് മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽ നമ്പർ ഹർജി നിങ്ങളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 17–10–2026
വാദിഭാഗം അഡ്വക്കെറ്റ്
**ടി കെ മധു** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# വനിതാ മുന്നേറ്റത്തിന് എം.ഇ.എസ്. മുന്തിയ പരിഗണന നൽകും: കെ.കെ. കുഞ്ഞുമൊയ്തീൻ

കേച്ചേരി: വനിതകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവരുടെ വിദ്യാഭ്യാസപരവും സാമൂഹികവുമായ മുന്നേറ്റം ഉറപ്പാക്കുന്നതിനും എം.ഇ.എസ്. രൂപീകരണകാലം മുതൽ മുന്തിയ പരിഗണനയാണ് നൽകിവരുന്നതെന്ന് എം.ഇ.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി കെ.കെ. കുഞ്ഞുമൊയ്തീൻ പറഞ്ഞു.



വർഷങ്ങൾക്കുമുമ്പ് എം.ഇ.എസ്. പ്രസ്ഥാനം രൂപീകരിക്കപ്പെട്ട കാലത്ത് മലബാർ മേഖലയിലെ വിദ്യാഭ്യാസമുൾപ്പെടെയുള്ള വിവിധ മേഖലകളിൽ വനിതകളുടെ പ്രാതിനിധ്യം കുറവായിരുന്നു. പ്രത്യേകിച്ച് മുസ്‌ലിം സമുദായത്തിലെ വനിതകളെ വിദ്യാഭ്യാസരംഗത്തും സാമൂഹിക ജീവിതത്തിലും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി രൂപീകരണവേളയിൽത്തന്നെ നിരവധി പദ്ധതികൾ എം.ഇ.എസ്. നടപ്പാക്കി. ഇന്ന് എം.ഇ.എസ്. സ്ഥാപനങ്ങളിൽ ഭൂരിഭാഗത്തിലും ഭരണനേതൃത്വം വഹിക്കുന്നത് വനിതകളാണ്. എം.ഇ.എസ്. സ്ഥാപനങ്ങളിലെ വിദ്യാർഥിനികളുടെ എണ്ണം 68 ശതമാനമാണെന്നുംഅദ്ദേഹംപറഞ്ഞു.

എം.ഇ.എസ്. തലപ്പിള്ളി താലൂക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസരംഗത്ത് മികച്ച വിജയം കൈവരിച്ച വിദ്യാർഥിനികളെ ആദരിക്കുന്ന ചടങ്ങ് കേച്ചേരി സവിത തിയേറ്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ചടങ്ങിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ, മികച്ച മാർക്ക് നേടി നഴ്സിങ്ങിന് പ്രവേശനം നേടിയ വിദ്യാർഥിനിയുടെ പഠനച്ചെലവ് പൂർണമായും ഏറ്റെടുത്തു. ഇതിന്റെ ആദ്യ ഗഡു ചടങ്ങിൽ വിതരണം ചെയ്തു. താലൂക്കിലെ മുതിർന്ന അംഗങ്ങളെയും ആദരിച്ചു.

താലൂക്ക് പ്രസിഡന്റ് കെ.എസ്. അബ്ദുൽ ജബ്ബാർ അധ്യക്ഷതവഹിച്ചു. എം. ഇ. എസ്. ജില്ലാ പ്രസിഡന്റ് പി.കെ. മുഹമ്മദ് ഷമീർ മുഖ്യാതിഥിയായി. ജില്ലാ സെക്രട്ടറി കെ.എം. അബ്ദുൽ ജമാൽ മുഖ്യപ്രഭാഷണം നടത്തി. എം.ഇ.എസ്. അസ്മാബി കോളേജ് സെക്രട്ടറി ആൻഡ് റസ്പോണ്ടന്റ് വി.എം. ഷൈൻ സ്കോളർഷിപ്പ് വിതരണം ചെയ്തു. മുതിർന്ന അംഗങ്ങളായ അസഫലി, ഹംസ കേച്ചേരി, അബ്ദുറഹിമാൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

എം.ഇ.എസ്. ഹയർ സെക്കൻഡറി ട്രഷറർ റഷീദ്, ലത്തീഫ് പെരുമ്പിലാവ്, ഹംസ കേച്ചേരി, അബ്ദുറഹിമാൻ, അസഫലി എന്നിവർ ആശംസകൾ നേർന്നു. താലൂക്ക് സെക്രട്ടറി എ.എം. റഷീദ് സ്വാഗതവും താലൂക്ക് ട്രഷറർ ഹൈദ്രോസ് നന്ദിയും പറഞ്ഞു.

# വിദ്യാഭ്യാസത്തിലൂടെ പുതുതലമുറയെ ഉയർത്താൻ കിരൺ ഭാരത് സ്കോളർഷിപ്പ് 2026–27 ഒക്ടോ. 25ന്

തൃശൂർ :സൂര്യഭാരതി ഫൗണ്ടേഷൻ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, ആരോഗ്യ മേഖലകളുടെ പുരോഗതിക്കും സമൂഹത്തിന്റെ സമഗ്രവികസനത്തിനുമായി വിവിധജനക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാമൂഹിക വളർച്ചയുടെ അടിത്തറയായ വിദ്യാഭ്യാസമേഖലയിൽ പുതുതലമുറയെ മികവിന്റെ ഉയരങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ സൂര്യഭാരതി ഫൗണ്ടേഷൻ 2025 മുതൽ നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ പദ്ധതിയാണ് കിരൺ ഭാരത് സ്കോളർഷിപ്പ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരടക്കം മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പ്രോത്സാഹനവും മികച്ച പഠനാവസരങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ വർഷം സംഘടിപ്പിച്ച മത്സരപരീക്ഷയിൽ 1000–ത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. പരീക്ഷയിലെ മികച്ച 100 റാങ്ക് ജേതാക്കൾക്ക് സ്കോളർഷിപ്പ് അനുവദിച്ചു. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മികവിനൊപ്പം അവരുടെ വ്യക്തിത്വവികസനം, കരിയർ അവബോധം, ആത്മവിശ്വാസം എന്നിവ വളർത്തുന്നതിനും പദ്ധതി പ്രാധാന്യം നൽകുന്നു.

2026–27 അധ്യയന വർഷത്തെ കിരൺ ഭാരത് ഒക്ടോ. 25 (ഞായറാഴ്ച) തൃശ്ശൂർ C.M.S. Higher Secondary School , C.N.N Girls High സ്കൂൾ, ചേർപ്പ് എന്നീ വിദ്യാലയങ്ങളിൽ വെച്ച് നടത്തുന്നതാണ്. പരീക്ഷ രാവിലെ 10:30 മുതൽ 11:30 വരെ ആയിരിക്കും.

നിലവിൽ പത്താം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ തികച്ചും സൗജന്യമായി പങ്കെടുക്കാം.

**പരീക്ഷയിലെ വിഷയങ്ങൾ:**

കേരള സംസ്ഥാന സിലബസ് അടിസ്ഥാനമാക്കി ഒൻപതാം ക്ലാസിലെ ഗണിതം, ഇംഗ്ലീഷ്, സയൻസ് (ഫിസിക്സ്, കെമിസ്ട്രി, ബയോളജി) എന്നീ വിഷയങ്ങളിൽ നിന്നായിരിക്കും ചോദ്യങ്ങൾ. ഒബ്ജക്ടീവ് ടൈപ്പ് 30 ചോദ്യങ്ങൾ മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ലഭിക്കുന്നതാണ് .

റിപ്പോർട്ടിംഗ് സമയം: രാവിലെ 9.00 മുതൽ 10.00 വരെ പരീക്ഷ: രാവിലെ 10.30 മുതൽ 11.30 വരെ

പരീക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടത്

സ്കൂൾ ഐഡി കാർഡ് നിർബന്ധമായും കൊണ്ടുവരണം. ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതിനായി Black Ball Pen മാത്രം ഉപയോഗിക്കണം. ഹാൾടിക്കറ്റ് രജിസ്ട്രേഷൻ കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്.

വിദ്യാർത്ഥികളുടെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും വിദ്യാഭ്യാസത്തിലൂടെ കൂടുതൽ മികച്ച ഭാവിയിലേക്ക് അവരെ നയിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മുന്നോട്ടുപോകുന്ന കിരൺ ഭാരത് സ്കോളർഷിപ്പ്, പുതുതലമുറയുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് കരുത്തേകുന്ന ഒരു സാമൂഹിക ഇടപെടലായി മാറുകയാണ്. കൂടുതൽ വിവരങ്ങൾക്ക് 7594022111

# ഒല്ലൂർ പള്ളി ഫൊറോന ആയി ഉയർത്തിയതിന്റെ ശതാബ്ദിയും മാലാഖയുടെ 190–ാം തിരുനാളും

**കേ**രളത്തിലെതന്നെ വലിയ ഇടവകയായി വളർന്ന ഒല്ലൂർ സെൻറ് ആൻറണീസ് പള്ളി 1718ൽ താല്കാലികമായി പള്ളിയായി ആരംഭിച്ച് 1722ൽ ആണ് പള്ളിനിർമ്മാണം പൂർത്തിയായത്. അന്നത്തെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്ത ആയിരുന്ന ആൻറണി പിമൻറേൽ ആണ് പള്ളി ആശീർവദിച്ചത്.

1836 മുതലാണ് വി. റപ്പായേൽ മാലാഖയുടെ തിരുനാൾ ആഘോഷിക്കാൻ തുടങ്ങിയത്. കുറച്ചുവർഷങ്ങൾക്കുള്ളിൽതന്നെ കേരളത്തിലെതന്നെ പ്രധാന തിരുനാളുകളിൽ ഒന്നായി ഇത് വളർന്നു. വി. റപ്പായേലിൻറെ പേരിലുള്ള ഇന്ത്യയിലെതന്നെ ഏക തീർത്ഥാടനകേന്ദ്രമാണിത്. പിശാചുബാധിതർക്ക് അത്താണിയായും യാത്രക്കാർക്ക് സഹായിയായും ഉദ്ദിഷ്ടകാര്യങ്ങളുടെ മദ്ധ്യസ്ഥനായ മാലാഖ നാനാജാതി മതസ്ഥരായ ഭക്തർക്ക് അനേകം അനുഗ്രഹങ്ങൾ നൽകികൊണ്ടിരിക്കുന്നുണ്ട്.

ഫൊറോന പ്രഖ്യാപന ശതാബ്ദി (19272027)

തൃശൂർ രൂപതയിൽ ഫൊറോന സംവിധാനം നിലവിൽവന്നത് 19–3–1927ലെ മാർ ഫ്രാൻസീസ് വാഴപ്പിള്ളിയുടെ കല്പനപ്രകാരമാണ്. ആദ്യ ഫൊറോനകൾ ഒല്ലൂർ, പഴുവിൽ, പാലയൂർ, ചാലക്കുടി എന്നിവയായിരുന്നു. ഒല്ലൂരിൻറെ കീഴിൽ ഉണ്ടായിരുന്ന ഇടവകകൾ അമ്മാടം, അയ്യന്തോൾ, അരണാട്ടുകര ഈസ്റ്റ്, വെസ്റ്റ്, ആമ്പക്കാട്, ഇരിങ്ങാലക്കുട ഈസ്റ്റ്, വെസ്റ്റ്, കല്ലൂർ വെസ്റ്റ്, കൊട്ടേക്കാട്, കോടന്നൂർ, ചെങ്ങാല്ലൂർ, ചേർപ്പ്, ചൊവ്വൂർ, താണിശ്ശേരി നോർത്ത്, തിരൂർ, നടത്തറ, നടവരമ്പ്, നെടുപുഴ, പറപ്പൂക്കര, പല്ലിശ്ശേരി, പുതുക്കാട്, പെരിഞ്ചേരി, മരത്താക്കര, മാപ്രാണം, മുക്കാട്ടുകര, മൂർക്കനാട്, വരന്തരപ്പിള്ളി, വല്ലച്ചിറ, ചേറൂർ വിജയപുരം, പുത്തൂർ, മുപ്ലിയം എന്നിങ്ങനെ 31 ഇടവകയായിരുന്നു.

ഒക്ടോബർ 23, 24 പ്രധാന തിരുനാളും 31ന് എട്ടാമിടവും ആഘോഷിച്ചുവരുന്നതിനുപുറമെ എല്ലാ ചൊവ്വാഴ്ചകളിലും പ്രത്യേക കുർബ്ബാന, നൊവേന, മറ്റു തിരുകർമ്മങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ ഒരോ വർഷവും ആഗസ്റ്റ് അവസാന ചൊവ്വാഴ്ച മുതൽ ഒമ്പത് ചൊവ്വാഴ്ചാചരണവും സൗജന്യ നേർച്ച ഭക്ഷണ വിതരണവും നടത്തിവരുന്നുണ്ട്. ഇതിനു പുറമെ ഒക്ടോബർ15ന് തിരുനാൾ കൊയിയേറ്റവും അന്നു മുതൽ തിരുനാൾ വരെ നവനാൾ ആചരണവും നടത്തിവരുന്നുണ്ട്.

**ഒക്ടോബർ 22 ദാസൻ–ദാസി സമർപ്പണം**

ചമയപ്രദർശനം, ദീപാലങ്കാര സ്വിച്ച് ഓൺ കർമ്മം നടന്നു

22ന് ചൊവ്വാഴ്ച വൈകീട്ട് 4 മണിക്ക് മാലാഖയുടെ ദാസൻ–ദാസി സമർപ്പണം നടന്നു. സി.എം.ഐ. പ്രൊവിൻഷാൾ ഫാ. ജോസ് നന്തിക്കര മുഖ്യ കാർമ്മികത്വം വഹിച്ചു. വി. കുർബ്ബാനക്ക് കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയും കത്തോലിക്ക കോൺഗ്രസ്സും സമർപ്പണം നടത്തി. 6.30ന് തിരുനാളിനുമാത്രം പുറത്തെടുക്കുന്ന നഗാരം, പരമ്പരാഗത രൂപക്കൂട്, മുത്തുകുടകൾ, പൊൻ–വെള്ളി കുരിശുകൾ, പഴയ മേക്കട്ടികൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ചമയപ്രദർശനം തൃശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്തു. 6.45ന് പള്ളി, മണിമാളിക, പന്തൽഹാൾ, കമാനങ്ങൾ, പന്തലുകൾ തുടങ്ങിയവയോട് ചേർന്നുള്ള ദീപാലങ്കാരത്തിന്റെ സ്വിച്ച് ഓൺ കർമ്മം തൃശൂർ കളക്ടർ ശിഖ സുരേന്ദ്രൻ നിർവഹിച്ചു.

7 മണിക്ക് നടന്ന തിരുകർമ്മങ്ങൾക്ക് ഫാ. ബിനോയ് മഞ്ഞളി കാർമ്മികത്വം വഹിച്ചു.

തിരുനാൾദിന പരിപാടികൾ – 23, 24 (വെള്ളി, ശനി)

23ന് രാവിലെ 6, 7.30 വി. കുർബ്ബാന, തിരുകർമ്മങ്ങൾ. 10ന് ആഘോഷമായ വി. കുർബ്ബാനക്ക് ഫാ. ബാബു അപ്പാടൻ കാർമ്മിത്വം വഹിച്ചു.

4.30ന് പൊന്തിഫിക്കൽ കുർബ്ബാനക്കും കൂടുതുറക്കലിനും പാലക്കാട് ബിഷപ്പ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ കാർമ്മികത്വം വഹിക്കും. തുടർന്ന് തിരുസ്വരൂപം എഴുന്നള്ളിപ്പ്, പ്രദക്ഷിണം, നേർച്ച ഭക്ഷണവിതരണം (10 വരെ), വിവിധ മേഖലകളിൽ നിന്നുള്ള വള എഴുന്നള്ളിപ്പ് ആഘോഷങ്ങൾ പള്ളിയിലെത്തുന്നു. പാതിരാത്രി 12ന് വി. കുർബ്ബാന ഉണ്ടായിരിക്കും.

24ന് ശനി രാവിലെ 6 മുതൽ 9 വരെ തുടർച്ചയായി വി. കുർബ്ബാന ഉണ്ടായിരിക്കും. 8 മുതൽ 2 വരെ നേർച്ച ഭക്ഷണവിതരണം. 10ന് തിരുനാൾ കുർബ്ബാനക്ക് ഫാ. ഡോ. ആൻറോ പാണേങ്ങാടൻ കാർമ്മികത്വം വഹിക്കും. ഫാ. ഡോ. ജിബിൻ താഴേക്കാടൻ സന്ദേശം നൽകും. 3ന് ഇടവകയിലെ നാട്ടുകാരായ വൈദീകരുടെ കാർമ്മികത്വത്തിൽ സമൂഹബലി ഉണ്ടായിരിക്കുന്നതാണ്.

തുടർന്ന് തിരുസ്വരൂപങ്ങൾ വഹിച്ചുകൊണ്ട് പൊൻ–വെള്ളി കുരിശുകൾ, മുത്തുകുടകൾ, വാദ്യമേളങ്ങൾ എന്നിവയുടെ അകമ്പടിയോടെ അങ്ങാടിപ്രദക്ഷിണം നടക്കുന്നതാണ്. 7 മണിക്ക് സമാപിക്കും.

25ന് ഇടവക സമർപ്പിത സംഗമം നടക്കും. 26 മുതൽ 31 വരെ വൈകീട്ട് തിരുകർമ്മങ്ങളും തുടർന്ന് കലാപരിപാടികളും 31ന് തിരുനാൾ കുർബ്ബാനയും മാലാഖയുടെ അനുഗ്രഹപ്രയാണവും നേർച്ച ഭക്ഷണവിതരണവും വൈകീട്ട് സംഗീതപരിപാടിയും ഉണ്ടായിരിക്കുന്നതാണ്.

**–ബേബി മൂക്കൻ**

# സാമൂഹികാന്തരീക്ഷം പ്രക്ഷുബ്ധമാകുമ്പോൾ സംഗീതം പ്രതിരോധം തീർക്കും: പി. ടി. കുഞ്ഞുമുഹമ്മദ്

ചാവക്കാട്: പ്രക്ഷുബ്ധസാമൂഹികാന്തരീക്ഷത്തിൽ, സംഗീത സാംസ്കാരിക പ്രവർത്തനത്തനങ്ങളാൽ പ്രതിരോധം സൃഷ്ടിക്കാനാവുമെന്ന് പ്രശസ്ത ചലച്ചിത്ര സംവിധായകൻ പി. ടി. കുഞ്ഞുമുഹമ്മദ് അഭിപ്രായപ്പെട്ടു.

നമ്മൾ ചാവക്കാട്ടുകാർ ആഗോളസൗഹൃദക്കൂട്ട്, കോ ന്യൂസ്സ്റ്റുഡിയോയിൽ സംഘടിപ്പിച്ച 'നമ്മൾസ് മെഹ്ഫിൽ' സംഗീത നിശ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംഘടനാ പ്രസിഡണ്ട് ഹക്കീം ഇമ്പാർക്ക് അദ്ധ്യക്ഷത വഹിച്ചു. ചാവക്കാട് മേഖലയിൽ സംഗീത കൂട്ടായ്മകളുടെ ആചാര്യനായ കീക്കോട്ട് ഹൈദ്രോസ് തങ്ങൾ മുഖ്യാതിഥിയായി. പ്രശസ്ത ഹാർമോണിസിസ്റ്റ് കബീർ ചാവക്കാട്, നമ്മൾ ചാവക്കാട്ടുകാർ ആഗോള സൗഹൃദക്കൂട്ട് യു.എ.ഇ. മുൻ പ്രസിഡണ്ട് മുബാറക് ഇമ്പാർക്ക്, നാസർ എഛ്. എസ്., സി. പി. കുഞ്ഞുബാവ,പി. കെ. ഫസലുദ്ദീൻ, വി.സി.കെ. ഷാഹുൽ, സി.എം. ജനീഷ് അബൂബക്കർ പി. പി, നൗഷാദ് തെക്കുംപുറം, സുൽഫിഖർ പുന്ന, അബ്ദുൽ കരീം താമരത്ത്, സുഭാഷ് വി.പി, ഷബീർ ശോഭ ഡിജിമാക്സ്, അൽതാഫ് യു. ആർ, റഹീം മണത്തല, മുജീബ് സി.എം, കെ. പി. അഷറഫ്, അനീഷ് പാലയൂർ, തുടങ്ങിയവർ സംസാരിച്ചു.

സന്ധ്യ ടീച്ചർ, അനീഷ് കരുനാഗപ്പള്ളി,നൂറുദ്ദീൻ പി, മജീദ് അഫ്നാസ്, ജബ്ബാർ കെ.എം തുടങ്ങിയവർ സായന്തനം സംഗീത സാന്ദ്രമാക്കി.

പ്രോഗ്രാം കൺവീനർ യഹ്യ ഒരുമനയൂർ സ്വാഗതവും ജനറൽ സെക്രട്ടറി ബദറുദ്ദീൻ ഗുരുവായൂർ നന്ദിയും പറഞ്ഞു.

# പാറളം പഞ്ചായത്ത് ബിജെപിക്ക് നഷ്ടമായി

തൃശ്ശൂർ: പാറളം പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സിപിഐയുടെ പിന്തുണയോടെ കോൺഗ്രസിന് ഭരണം. കോൺഗ്രസ് അംഗം റോസ്മേരി ആബേഷാണ് രണ്ട് സിപിഐ അംഗങ്ങളുടെ പിന്തുണയോടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത്.ഇതോടെ ബിജെപിക്ക് ഭരണം നഷ്ടമായി. കോൺഗ്രസിനും ബിജെപിക്കും ആറ് വീതവും, എൽഡിഎഫിന് അഞ്ചും അംഗങ്ങളാണുള്ളത് . തെരഞ്ഞെടുപ്പിൽ രണ്ട് സിപിഐ അംഗങ്ങൾ തങ്ങളെ പിന്തുണച്ചെന്നും, ഇത് കോൺഗ്രസ് പ്രവർത്തകരുടെ കൂട്ടായ പ്രവർത്തനത്തിന്റെയും കൂട്ടായ്മയുടേയും വിജയമാണെന്നും കോൺഗ്രസ് അംഗം റോസ്മേരി ആബേഷ് പ്രതികരിച്ചു. ബിജെപി ഭരണത്തെ പുറത്താക്കുകയെന്ന നാടിന്റെ പൊതുവികാരം മാനിച്ചാണ് വിപ്പ് ലംഘിച്ചും കോൺഗ്രസിനെ പിന്തുണച്ചതെന്ന് സിപിഐ അംഗങ്ങൾ വ്യക്തമാക്കി.

# ലഹരിക്കെതിരെ ദീപ പ്രോജ്വലനവും പ്രയാണവും

അവിട്ടത്തൂർ : ലഹരി എന്ന വിപത്തിനെതിരെ ദീപ പ്രോജ്വലനവും റാലിയും സംഘടിപ്പിച്ച് എൽ. ബി.എസ്. എം. എച്ച്. എസ് സ്കൂളിലെ ഗൈഡ്സും റോവർമാരും നാടിനു മാതൃകയായി. ഹെഡ്മിസ്ട്രസ് രജനിശ്രീ എൻ. എസ്. ലഹരി വിരുദ്ധ ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. തുടർന്നു ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി പ്രയാണം ആരംഭിച്ചു. സ്കൂളിൽ നിന്ന് അവിട്ടത്തൂർ സെൻറർ വഴി പൊതുമ്പുച്ചിറയിൽ റാലി അവസാനിച്ചു.



മാനേജർ എ.സി. സുരേഷ്, പ്രിൻസിപ്പൽ ഡോ. എ.വി. രാജേഷ്, പി. ടി. എ. പ്രസിഡണ്ട് എൻ.എസ്. പ്രസാദ്, ടി.എൻ. പ്രസീദ, വി.ആർ. ദിനേശ് വാരിയർ,അധ്യാപകർ, രക്ഷിതാക്കൾ, നാട്ടുകാർ എന്നിവർ പങ്കെടുത്തു.


*തിരുനാൾ സപ്ലിമെന്റ്*



## ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ വി. റപ്പായേൽ മാലാഖയുടെ തിരുനാൾ

**2026 ഒക്ടോബർ 22, 23, 24, 25 (വ്യാഴം, വെള്ളി, ശനി. ഞായർ), എട്ടാമിടം ഒക്ടോബർ 31**

**ഒക്ടോബർ 23ന് വൈകീട്ട് കൂടുതുറക്കൽ: മാർ പീറ്റർ കൊച്ചുറമ്പിൽ** (പാലക്കാട് ബിഷപ്പ്)

**ഒക്ടോബർ 24 ശനി, തിരുനാൾദിന പരിപാടികൾ:** പാതിര 12 മണിക്ക്, രാവിലെ 6, 7, ദിവ്യബലി, നൊവേന, രാവിലെ 8ന് ദിവ്യബലി, നൊവേന, നേർച്ചഭക്ഷണം ആശീർവാദവും വിതരണവും (ഉച്ചക്ക് 2 മണിവരെ), രാവിലെ 9ന് ദിവ്യബലി, നൊവേന, 10ന് ആഘോഷമായ തിരുനാൾ കുർബ്ബാന, മുഖ്യ കാർമ്മികൻ ഫാ. ആന്റോ പാണേങ്ങാടൻ, സന്ദേശം: ഫാ. ജിബിൻ താഴേക്കാടൻ, സഹകാർമികൻ: ഫാ. ജിജോ തറയിൽ, വൈകീട്ട് 3ന് സമൂഹബലി (ഒല്ലൂർ ഇടവക വൈദീകർ), തുടർന്ന് തിരുനാൾ പ്രദക്ഷിണം, 7ന് സമാപനം.



ആദ്യമേ ആയുർവേദം




VAIDYARATNAM
RECOPAIN SPRAY

തൈലത്തിന്റെ ഗുണം സ്പ്രേ രൂപത്തിൽ

വേദന കുറയ്ക്കുന്നു

രക്തയോട്ടം വർദ്ധിപ്പിക്കുന്നു

ASHTAVAIDYAN THAIKKATTU MOOSS VAIDYARATNAM Since 1941

Manufacturing | Healthcare | Ayurveda College | Ayurveda Museum | Ayurveda Research Institute | Publications
Vaidyaratnam Oushadhasala Pvt. Ltd., Vaidyaratnam Road, Thaikkattussery P.O, Ollur, Thrissur - 680 306, Kerala, India
Ph: +91 487 2432732, Email: support@vaidyaratnam.com
www.vaidyaratnam.com | /vaidyaratnamofficial
To buy online: vaidyaratnamstore.com

നിങ്ങളുടെ തൊട്ടടുത്ത വൈദ്യരത്നം ഔട്ട്ലെറ്റിൽ ലഭിക്കുന്നു.

The content in the advertisement is for informational purposes only and not a substitute for medical advice. Consult your doctor for more information.

**സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി (വനിതാ വിഭാഗം), ഒല്ലൂർ**

**നവംബർ 2**

ഓർമ്മയിൽ ഒന്നു ചേരാം... നിത്യതയിൽ പറന്നകന്നവരോടൊപ്പം

പരേതരായ കുടുംബാംഗങ്ങളുടെ കബറിടത്തിൽ സമർപ്പിക്കാനുള്ള ബൊക്കെ ഓർഡർ അനുസരിച്ച് തയ്യാറാക്കി നൽകുന്നു.

തീയതി : നവംബർ 2 തിങ്കളാഴ്ച
സമയം : രാവിലെ 6 മുതൽ 8 വരെ
നിരക്കുകൾ : ₹ 300, ₹ 400, ₹ 500, ₹ 1000

ഒക്ടോബർ 28 വരെ ഓർഡറുകൾ സ്വീകരിക്കുന്നതാണ്...

ഫോൺ: 96050 67773, 98465 92162, 96056 69137

*ഒല്ലൂർ മാലാഖയുടെ തിരുനാളിന് ആശംസകൾ!*

**അരിമ്പൂര് തറവാട്ടുയോഗം, തൃശൂർ**

രജത ജൂബിലി വർഷം 2001–2026

**താവഴി കുടുംബങ്ങൾ**

അരിമ്പൂർ, പല്ലൻ, മൂക്കൻ, പാവറട്ടിക്കാരൻ, ചീരോത, അടമ്പുകുളം, മുത്തിപ്പീടിക, വെറങ്ങൻ, വാഴപ്പറമ്പൻ, വടക്കൻ, കിണറ്റിങ്കൽ, മുള്ളക്കര, പറപ്പിള്ളി, ചൊവ്വൂക്കാരൻ, വൈദ്യക്കാരൻ, കല്ലേരി, കൊടക്കാടൻ, തൊറയൻ, കൊമ്പൻ, മുതുക്കൻ, മൂപ്പൻ, വെള്ളി, കോന്നുപറമ്പിൽ

പാവനസ്മരണയ്ക്ക്



അരിമ്പൂര് മൂക്കൻ അന്തോണി **ലൂവീസ്**, ഒല്ലൂർ
ജനനം: 13–3–1917 മരണം: 12–12–1992

മൂക്കൻ ലൂവീസ് ഭാര്യ **കുഞ്ഞില**
ജനനം: 5–6–1929 മരണം: 19–4–2020

ഒല്ലൂർ മാലാഖയുടെ തിരുനാളിന് ആശംസകൾ

FOREVER MARKETING
COCHIN | THRISSUR
9388883788 9744448795

*In Loving Memory of*



ARIMBOORU MOOKKEN ITTMATHEW **KOCHAPPU**
(SSVP Ollur former Secretary & Former Church Trustee)

ARIMBOORU MOOKKEN KOCHAPPU **MARIYAM**

Ollur

Inserted by:
M.O. Anto, Thiruvananthapuram



സ്നേഹസ്മരണയ്ക്ക്

19–ാം ചരമവാർഷികം 14.04.2026

4–ാം ചരമവാർഷികം 24.02.2026

**ദേവസ്സി ചുമ്മാർ**
ജനനം : 03–03–1932
മരണം : 14–04–2007

**ഗ്രേസി ചുമ്മാർ**
ജനനം : 31–07–1935
മരണം : 24–02–2022

സ്നേഹപൂർവ്വം :
അമ്മണം തട്ടിൽ കടവി ഫാമിലി